KERALA SCHOOL KALOLSAVAM PROGRAMME COMMITTEE

# KERALA SCHOOL KALOLSAVAM 2016-17

KANNUR - 2017 JANUARY 16-22

9162

Code No. 113

1

## പലതരം സെൽഫികൾ
## പലതരം മുഖംമൂടികൾ

പലതരം സെൽഫികളെപ്പറ്റി
യൊരു അന്വേഷണയാത്ര
ആരംഭിച്ചതായിരുന്നു ഞാൻ
നോവുകൾ വഹിക്കുന്ന
കമ്പാർട്ട്മെന്റുകളിൽ
നിയതിയുടെ സ്റ്റേഷനുകൾ
തേടി....
കാലത്തിന്റെ റെയിൽപ്പാളു-
ത്തിലൂടെ തീവണ്ടികൾ
കുതിച്ച് പായുമ്പോൾ
കേൾക്കാം പല സെൽഫിക്ലിക്കുകൾ

അച്ഛന്റെ കൈപിടിച്ച്
അമ്പലപ്പറമ്പിൽ പോകുന്ന
കളിപ്പാട്ടമായ്
വയൽവരമ്പിലൂടെ കുന്നേപോയ
നാടോടികൾക്ക് മുന്നിലൂടെ
ബലൂണുകൾ പറപ്പിച്ച്
ചില സെൽഫികൾ ഓടിയകന്നു.

ജീവിതത്തിന്റെ നെരിപ്പോടിൽ
കത്തിയമരി
റേഷൻകാർഡിൽ വിശപ്പെന്ന
പ്രണയരേഖയുമായ്
പുളിച്ച് നാറുന്ന ചോറുരുള
കൾ ആർത്തിയോടെ വാരി
വലിച്ച് തിന്നവർക്ക് പിന്നിലൂടെ
ചില സെൽഫി ഫ്ലാഷ് ലൈറ്റുകൾ
മിന്നി മറയുന്നുണ്ട്.

Scanned by CamScanner

KERALA SCHOOL KALOLSAVAM-2017
PROGRAMME COMMITTEE

വിനയത്തിന്റെ പുകക്കുഴലിൽ
ആവേശമൂതിയൂതി
സ്നേഹത്തിന്റെ ഭാരം
വിളമ്പിയിട്ടും
തെക്കേത്തൊടിയിലെ
പഴന്തുണിക്കെട്ടായ്
വലിച്ചെറിയാൻ വിധിക്കപ്പെട്ട
സിന്ദൂരപ്പൊട്ടുകൾ
ചേർത്തുനിർത്തി
സ്ത്രീസമത്വത്തിന്റെ
അടിക്കുറിപ്പെഴുതി ചിലസെൽഫികൾ...

ശരീരം വലിച്ചുകീറി
മാന്തി പരിശോധിച്ച്
ആക്രമിച്ച് വലിച്ചെറി
ഞ്ഞ പെണ്ണുടലുകളു
ടെ അരികിൽ ചെന്ന്
പല്ലിളിച്ച് മത്സരിക്കുന്നുണ്ട്
ചില സെൽഫികൾ....

മുത്തശ്ശി മരിച്ച
സംസ്കാര ചടങ്ങിൽ
കണ്ണുനീർ കൃത്രിമമായ്
ഉണ്ടാക്കി
കരയുകയാണ്
മറ്റുചില സെൽഫികൾ....

അപകടത്തിൽ ചോരവാർ-
ന്നൊലിക്കുന്ന ശരീരം കാണാതെ
ആഘോഷമാക്കി ഫേസ്-
ബുക്കിൽ പോസ്റ്റുന്നുണ്ട്
യൗവ്വനത്തിന്റെ തുടിപ്പുള്ള
ചില സെൽഫികൾ....

ക്ലിക്കിൽ നിന്ന് ടാഗിലേക്കും
ഷെയറിലേക്കും നീണ്ട്
അറ്റമില്ലാതെ ഒഴുകുന്ന
പല സെൽഫികൾ....
ലൈക്കിലും കമന്റിലും
മാത്രമായ് ഒതുങ്ങി
തീരുന്ന ഓൺലൈൻ ബന്ധങ്ങൾ....

നോവുന്ന ആത്മാവിനെ
സ്നേഹിക്കാത്ത തത്ത്വ-
ശാസ്ത്രത്തെ സ്നേഹിക്കി
ല്ലെന്ന് പറഞ്ഞ വയലാറും
കേരളം ഭ്രാന്താലയമാണെ
ന്ന് പറഞ്ഞ വിവേകാനന്ദനും
ഇത് കാണുന്നുണ്ടോ?

ലഹരിയുടെ ചൂടിൽ
ആരെയും കൊല്ലാൻ
മടിക്കാത്ത
ഒരായിരം സെൽഫി
കൾ
കൈത്താലിട്ടടിക്കുന്നു.

പഴയതൊന്നും വേണ്ടെന്ന്
പറഞ്ഞ്
അച്ഛനമ്മമാരെ വൃദ്ധസദന-
ത്തിലേൽപ്പിച്ച് വരുന്ന
വഴിക്ക് കൈ കാണിച്ച്
എല്ലാം നേടിയവരെ
പോലും വീണ്ടും
പലർ സെൽഫികളിലൂടെ
വിളറി ചിരിക്കുന്നു.

പണ്ടവൻ മനുഷ്യൻ
കരഞ്ഞിട്ടുണ്ട്
ഇന്നവൻ ചിരിക്കുന്നു
കരയുന്നു
ഉണ്ണുന്നു ഉറങ്ങുന്നു പലതരം
സെൽഫികളിലൂടെ...

ഹൃദയത്തിന് താഴിട്ട്പൂട്ടി
പല്ലുകളും മോണയും കാട്ടി
വിഭവവും ഐശ്വര്യവും
കണ്ണീരും കിനാവും കരിവാ
രിതേച്ച്
സെൽഫികളിലൂടെ മന്ദം പുഞ്ചിരിക്കുന്നു
കരുണയുടെ, സഹനത്തിന്റെ
നീതിയുടെ കവാടങ്ങൾ
ആരും മുട്ടിയാലും തുറക്കാത്ത
ലോക്ക് ചെയ്ത് വെച്ചിരിക്കുകയാണ്.

KERALA SCHOOL KALOLSAVAM-2017
PROGRAMME COMMITTEE

നേരിന്റെ നന്മയുടെ
ആത്മാവിന്റെ മുഖം
ഏത് ഗാലറിയിലാണ്
ഹൈഡ്(Hide) ചെയ്ത്
വെച്ചിരിക്കുന്നത് ?

ഗ്രൂപ്പ് ഫോട്ടോയിൽ നിന്ന്
സെൽഫിയിലേക്ക് പരിണ
മിച്ചപ്പോൾ
വിലാസങ്ങളിൽ നിന്ന്
ഐഡന്റിറ്റി ആധാർ
കാർഡാക്കാൻ പറഞ്ഞ
ആരോ അവനെ
സ്വയമുൾവലിച്ചു.

മനുഷ്യത്വത്തിന്റെ
മകുടത്തിൽ
വൈറസ് കയറി
യിരിക്കുന്നു.....
"സെൽഫി"- ആത്മാ
വിന് മുഖം മൂടിചാർ
ത്തുന്ന കാലത്തി
ന്റെ കയ്യൊപ്പ്

ഞാൻ തിരിഞ്ഞ് നടന്നു;
നേരിന്റെ നന്മയുടെ
ഓണപ്പൂക്കളമൊരുക്കാൻ
ഒരുമയുടെ, ത്യാഗത്തിന്റെ
പഴയ ഓർമ്മകൾ
റീസ്റ്റോർ ചെയ്യാൻ
ഒരു 8 ജിബി
മെമ്മറി കാർഡ്
ഇന്ന് തന്നെ വാങ്ങണം

ശ്ര ദ0.

Scanned by CamScanner